**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1234** **07-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് കെട്ടിടങ്ങളുടെ ഡിസൈൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പ് നിർമ്മാണം നടത്തുന്ന കെട്ടിടങ്ങളുടെ ഡിസൈൻ, സോയിൽ ടെസ്റ്റുകൾ എന്നിവയുടെ കാര്യത്തിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് കെട്ടിട നിർമ്മാണത്തിനായുള്ള മണ്ണ് പരിശോധന ഡിസൈൻ വിഭാഗത്തിന്റെ കീഴിലുള്ള റീജിയണൽ ഇൻവെസ്റ്റിഗേഷൻ ലാബും പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗവുമാണ് നടപ്പിലാക്കുന്നത്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നടപ്പിലാക്കുന്ന സോയിൽ ടെസ്റ്റ്, പ്രവൃത്തിയ്ക്കുള്ള ഭരണാനുമതി ലഭിച്ചതിനുശേഷം മാത്രമാണ് നടപ്പിലാക്കാൻ സാധിക്കുന്നത്. ആയതിനാൽ മണ്ണുപരിശോധനയ്ക്ക് കാലതാമസം ഉണ്ടാകാറുണ്ട്. മണ്ണുപരിശോധന റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ ഡിസൈൻ പ്രക്രിയ തുടങ്ങാൻ സാധിക്കുകയുള്ളൂ. |
| (ബി) | എല്ലാ ജില്ലകളിലും ആവശ്യമായ ക്രമീകരണം നടത്തി കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സോയിൽ ടെസ്റ്റുകൾ നടത്തുന്നതിലേക്കായി തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ റീജിയണൽ ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നു. നിർവ്വഹണ വിഭാഗത്തിൽ നിന്ന് ആവശ്യപ്പെടുന്ന പ്രവൃത്തികളുടെ മണ്ണ് പരിശോധനകൾ റീജിയണൽ ലാബിൽ നടത്തി റിപ്പോർട്ടുകൾ നൽകുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലെ മണ്ണ് പരിശോധനകൾ തിരുവനന്തപുരം റീജിയണൽ ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിലും, ഇടുക്കി, കോട്ടയം, എറണാകുളം, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിലെ മണ്ണ് പരിശോധനകൾ എറണാകുളം റീജിയണൽ ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിലും, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിലെ മണ്ണ് പരിശോധനകൾ കോഴിക്കോട് റീജിയണൽ ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിലും നടത്തി വരുന്നു. തിരുവന്തപുരത്ത് ചീഫ് ഡിസൈൻ ഓഫീസും, എറണാകുളത്തും, |

| | | | |
|---|---|---|---|
| | | | കോഴിക്കോടും റീജിയണൽ ഡിസൈൻ ഓഫീസുകളും പ്രവർത്തിക്കുന്നതിനാൽ കെട്ടിടങ്ങളുടെ ഡിസൈൻ കാലതാമസം കൂടാതെ തയ്യാറാക്കി നൽകുന്നുണ്ട്. |
| (സി) | പ്രവൃത്തി അനന്തമായി നീളാതിരിക്കാൻ അനിവാര്യമായ സാഹചര്യത്തിൽ പുറത്ത് നിന്ന് ഡിസൈനിംഗും സോയിൽ ടെസ്റ്റും ചെയ്യുന്നതിന് അനുമതി നൽകുമോ? | (സി) | പുറത്ത് നിന്നും ഡിസൈനിംഗും സോയിൽ ടെസ്റ്റും ചെയ്യേണ്ട സാഹചര്യം നിലവിൽ ഇല്ല. |

സെക്ഷൻ ഓഫീസർ